ഉത്തരം

(എ-സി) ഡോണർമാരുടെ സഹായത്തോടെയാണ് ശബരിമലയിൽ ഡോണർ ഹൗസുകൾ നിർമ്മിച്ചിരുന്നത്. ആകയാൽ അവർക്ക് പ്രത്യേക പരിഗണന നൽകിയിരുന്നു. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മകര വിളക്ക് കാലയളവിൽ രണ്ടും മണ്ഡലകാലയളവിൽ രണ്ടും, വിഷു കാലത്ത് ഒന്നും എന്ന ക്രമത്തിൽ മുറികൾ നൽകുന്നത് ഇപ്പോൾ നിജപ്പെടുത്തിയിട്ടുണ്ട്. ഭണ്ഡാരത്തിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന് ഭണ്ഡാരത്തിൽ ധനലക്ഷ്മി ബാങ്കിനെക്കൊണ്ട് കോയിൻകൗണ്ടിംഗ്/സോർട്ടിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഭണ്ഡാരത്തിൽ കൂടുതൽ സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ടോയ്‌ലെറ്റ് ബ്ലോക്കുകളുടെയും വിശ്രമ കേന്ദ്രങ്ങളുടെയും നിർമ്മാണവും നടത്തിയിട്ടുണ്ട്. കക്കൂസ് കോംപ്ലക്സ് നിർമ്മാണത്തിനായി വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിൽ ശബരിമലയിലും പമ്പയിലും അന്നദാനം നടത്തുന്നുണ്ട്. അരവണ, അപ്പം, അഭിഷേകം തുടങ്ങിയവയ്ക്ക് കൂടുതൽ കൗണ്ടറുകൾ തുടങ്ങിയിട്ടുണ്ട്. ധനലക്ഷ്മി ബാങ്ക് മുഖാന്തരം ടിക്കറ്റ് വില്പന നടത്തുന്നു. ഇടത്താവളങ്ങളിൽ ഭക്തജനങ്ങൾക്ക് വിശ്രമിക്കുവാനുള്ള സൗകര്യം അന്നദാന സൗകര്യം ഇവ പൊതുജന സഹകരണത്തോടെ നടത്തുന്നു.

"ശ്രീ അയ്യപ്പാ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം"

281 (353) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും മറ്റു നാട്ടുകാർക്കും പ്രയോജനം ചെയ്യുന്ന ശ്രീ അയ്യപ്പ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് എത്ര ഉന്നതതല യോഗമാണ് ചേർന്നിട്ടുള്ളത്;

(ബി) ഈ ഉന്നതതല യോഗങ്ങളിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നു വ്യക്തമാക്കുമോ;

(സി) ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് എത്ര നിർദ്ദേശങ്ങളാണ് കമ്മിറ്റിക്ക് മുമ്പിൽ എത്തിയത്;

(ഡി) പത്തനംതിട്ട ജില്ലാ കളക്ടർ ചൂണ്ടിക്കാണിച്ച സ്ഥലങ്ങൾ ഏതൊക്കെയാണ്;

(ഇ) ഇനിയും ഈ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഉന്നതതല യോഗ തീരുമാനങ്ങൾ നടപ്പാക്കാത്ത സാഹചര്യം പരിശോധിക്കാൻ തീരുമാനിക്കുമോ;

(ജി) അടിയന്തിരമായി ആശുപത്രി നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(ബി) യോഗങ്ങളുടെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) റാന്നി താലൂക്കിലെ റാന്നി പെരുനാട് വില്ലേജിലെ മാടമൺ, മാമ്പാറ എന്നീ സ്ഥലങ്ങളിലും കാർമൽ കോളേജിനു സമീപത്തായി 3 പ്ലോട്ടുകളും, വടശ്ശേരിക്കര വില്ലേജിലെ വാഴവാലിക്കണ്ടം എന്ന സ്ഥലത്തുള്ള ഒരു പ്ലോട്ടും പത്തനംതിട്ട ജില്ലാ കളക്ടർ ചുണ്ടിക്കാണിച്ചിട്ടുണ്ട്.

(ഇ-ജി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ആശുപത്രി സ്ഥാപിക്കുന്നതിന് പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കുന്നതിനും മറ്റുമുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ ദേവസ്വം ബോർഡ് കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ശബരിമല സീസൺ കഴിഞ്ഞാലുടൻ ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ദേവസ്വം ബോർഡ് ആരംഭിക്കുന്നതാണെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ക്ഷേത്രോപദേശക സമിതി രൂപീകരണ നിയമാവലി

282 (554) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി രൂപീകരണം സംബന്ധിച്ച നിയമാവലിയിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ഉപദേശകസമിതി രൂപീകരണം സംബന്ധിച്ച് നിലവിലുള്ള നിയമാവലിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭേദഗതി വരുത്തുന്നതിനോടനുബന്ധിച്ചുള്ള നടപടികൾ നടന്നു വരുന്നു എന്നും അവ പൂർത്തിയാകുന്ന മുറയ്ക്ക് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതി രൂപീകരണം സംബന്ധിച്ച് നിലവിലുള്ള നിയമാവലിയുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്.*

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്കൂളുകളിലെ പെൻഷനും നിയമനവും

283 (555) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള സ്കൂളുകളിൽ നിന്നും 2009-10 വർഷത്തിൽ എത്ര അദ്ധ്യാപകർ പെൻഷൻ പറ്റിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കുപകരം ഒഴിവുള്ള അദ്ധ്യാപക തസ്തികയിൽ എത്രപേർക്ക് പുതിയതായി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2011 മാർച്ചിൽ എത്രപേർ പെൻഷനാകാനുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly